(സി) എങ്കിൽ പ്രസ്തുത ലിസ്റ്റ് ഏതൊക്കെയാണെന്ന് മുൻഗണന അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസരണ മേഖലയിൽ മുള്ളേരിയ, രാജപുരം എന്നിവിടങ്ങളിൽ ഓരോ 110 കെ.വി. സ്റ്റേഷനുകളും കാസർഗോഡ് ജില്ലയിൽ ഇപ്പോഴുള്ള നാല് 110 കെ.വി. സബ്സ്റ്റേഷനുകളിൽ പുതിയ 110/33 കെ.വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും, എട്ട് പുതിയ 33 കെ.വി. സബ്സ്റ്റേഷനുകൾ പണിയുവാനും പദ്ധതിയുണ്ട്. ഇതിൽ മുള്ളേരിയ സബ്സ്റ്റേഷന്റെ പണി അന്തിമ ഘട്ടത്തിലാണ്. മറ്റു ബസ് സ്റ്റേഷനുകൾ പണിയുന്നതിനാവശ്യമായ സ്ഥലമെടുപ്പു നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

വിതരണമേഖലയിൽ ഈ വർഷം ഇതുവരെ 47 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ആകെ 121 ജോലികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി)&(സി) മുൻഗണനാ ലിസ്റ്റ് ഉണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(1944) സ്റ്റീൽ ഇൻസ്ട്രിയൽ കേരളാ ലിമിറ്റഡിനെ പ്രീ-കാളിഫൈ ചെയ്യാതിരിക്കുന്ന നടപടി.

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി എസ്.എസ്. ആന്റ് ടി.എൻ.സി., ചീഫ് എൻജിനീയർ പുറപ്പെടുവിച്ച ആർ.ഇ.ബി.എസ്.ഐ.എഫ്.എസ്. ആന്റ് ടി.എൻ.സി. 16/99-ാം നമ്പർ ടെണ്ടർ പ്രകാരം 110 കെ.വി. സ്റ്റേഷനിൽ 691 ടൺ യാർഡ് സ്ട്രക്ചേഴ്സ് നിർമ്മിച്ചു കൊടുക്കുന്നതിന് സിൽക്കിന്റെ കണിച്ചുകുളങ്ങരയുള്ള സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് ടെണ്ടർ കൊടുത്തെങ്കിലും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിനെ പ്രീ-കാളിഫൈ ചെയ്തില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെ.എസ്.ഇ.ബി.യുടെ ധാരാളം പണികൾ ഭംഗിയായും കൃത്യസമയത്തും ചെയ്തുകൊടുത്തിട്ടുള്ള പ്രസ്തുത പൊതുമേഖലാ സ്ഥാപനത്തെ പ്രീ-ക്വോളീഫൈ ചെയ്യാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സിൽക്കിന്റെ പവർ എൻജിനീയറിംഗ് ഡിവിഷൻ ഇതര ഓർഗനൈസേഷനോടൊപ്പം ഏറ്റെടുത്ത പെപ്പാറ ഫൈഡൽ പ്രോജക്ട് സമയബന്ധിതമായി തീർത്തുകൊടുക്കുകയും യാതൊരു തകരാറും കൂടാതെ പ്രസ്തുത പ്രോജക്ട് പ്രവർത്തിക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതരസ്ഥാപനങ്ങൾ എടുത്ത മലമ്പുഴ പ്രോജക്ട് ഇപ്പോഴും തീർന്നിട്ടില്ലന്നും ചിമ്മിനി പ്രോജക്ടിന്റെ പ്രവൃത്തി തുടങ്ങിയിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഒരു പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽ കേരളാ ലിമിറ്റഡിനെയും അതിന്റെ യൂണിറ്റുകളെയും കെ.എസ്.ഇ.ബി. പ്രീ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാളിഫൈ ചെയ്യാതിരിക്കുന്നത് അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിൽക്കിന് 7/91-ൽ 110 കെ.വി.ഡി.3, ഡി 30, ഡി 60, തുടങ്ങിയ ടൈപ്പ് ടവറുകളും, അനുബന്ധ സാമഗ്രികളും നിർമ്മിച്ചു സപ്ലൈ ചെയ്യുവാൻ ഓർഡർ കൊടുത്തിരിക്കുന്നു. ഓർഡർ തൃപ്തികരമായി പൂർത്തിയാക്കിയില്ല. കൂടാതെ 12/98-ൽ 66 കെ.വി. ഡബിൾ സർക്യൂട്ട് ടവറുകൾ ഫാബ്രിക്കേറ്റ് ചെയ്ത് ഗാൽവനൈസ് ചെയ്ത് സപ്ലൈ ചെയ്യുന്നതിന് കേരളാ ഗവൺമെന്റ് കമ്പനികൾക്കുള്ള 10% പ്രൈസ് പ്രീഫറൻസ് നൽകി ഓർഡർ കൊടുത്തു. എന്നാൽ പ്രസ്തുത ഓർഡറിന്റെ എഗ്രിമെന്റ് ഒപ്പിടാൻ കൂട്ടാക്കാതെ മറ്റുള്ള ഉല്പാദകരിൽ നിന്ന് എക്സൈസ് ഡ്യൂട്ടിയും സെയിൽസ് ടാക്സും കൂട്ടി വാങ്ങി പ്രസ്തുത വിലയ്ക്ക് സിൽക്കിനെ ഒരു ഏജന്റ് എന്ന നിലയിൽ കണ്ട് കൊടുക്കണമെന്ന് അഭ്യർത്ഥിച്ചു. ആയതിനാൽ സിൽക്ക് ഉല്പാദകരല്ല, പ്രൈസ് പ്രിഫറൻസിനും അർഹരല്ല. ആയതിനാൽ പ്രസ്തുത ഓർഡർ റദ്ദു ചെയ്യേണ്ടതായി വന്നു. 110 കെ.വി. യാർഡ് സ്ട്രക്ചറിനുള്ള ടെണ്ടർ പ്രകാരം യാർഡ് സ്ട്രക്ചർ നിർമ്മിച്ചു വിതരണം ചെയ്യുന്ന കമ്പനികൾക്കു മാത്രമേ പ്രീ കാളിഫിക്കേഷന് അർഹതയുള്ളൂ. ആയതിനാലാണ് സിൽക്കിന്റെ 110 കെ.വി. യാർഡ് സ്ട്രക്ചർ സപ്ലൈ ചെയ്യുന്നതിന് പ്രീ കാളിഫൈ ചെയ്യാതിരുന്നത്.

(സി) ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) മലമ്പുഴ പ്രോജക്ട് പ്രവർത്തനക്ഷമമായി ഏകദേശം 6000 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു. ടർബയിനിൽ ചില സാങ്കേതിക തകരാറുകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ തൽക്കാലം ഉല്പാദനം നിർത്തി. തകരാറുകൾ തീർക്കുവാനുള്ള പണി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ചിമ്മിനി പ്രോജക്ടിന്റെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിനുശേഷമേ പണികൾ തുടങ്ങാൻ സാദ്ധ്യമാകൂ.

(ഇ) ടെണ്ടർ വ്യവസ്ഥകൾ മുഴുവനായും പാലിക്കുന്ന കമ്പനികളെയാണ് പ്രീകാളിഫൈ ചെയ്യുന്നത്.

(1945) ഇലക്ട്രിക് പോസ്റ്റിലൂടെ കേബിൾ വലിക്കാൻ അനുമതി

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പോസ്റ്റുകളിൽക്കൂടി കേബിൾ വലിക്കുവാൻ കേബിൾ ടി.വി. ഓപ്പറേറ്റർമാരെ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം കേബിൾ ടി.വി. കമ്പനികൾ ഇപ്രകാരം കേബിൾ വലിച്ചിട്ടുണ്ട്;

(സി) ഓരോ വർഷവും വൈദ്യുതി ബോർഡിന് ഇതിൽനിന്നും എന്തു വരുമാനം ലഭിക്കുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly